85 (2645) ഡ്രൈവിംഗ് ലൈസൻസ് ലഭിക്കാനുള്ള കാലതാമസം

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസിനായി അപേക്ഷിക്കുന്നവർക്ക് ലൈസൻസ് ലഭിക്കുന്നതിന് കാലതാമസം വരുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈസൻസിന് അപേക്ഷിച്ചവർക്ക് കാലതാമസം കൂടാതെ ടെസ്റ്റ് നടത്തുവാനും വേണ്ട സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏർപ്പെടുത്തുന്നതാണ്. അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് 1.8.99 മുതൽ ടെസ്റ്റിംഗ് കേന്ദ്രങ്ങൾ നിലവിലില്ലാത്ത എല്ലാ സബ് ആർ.ടി. ഓഫീസുകളിൽക്കൂടി ടെസ്റ്റിംഗ് കേന്ദ്രങ്ങൾ തുടങ്ങുവാനും അവിടെ നിന്നുതന്നെ ലൈസൻസ് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് കാലതാമസം ഒഴിവാക്കുന്നതാണ്.

86 (2646) ഡ്രൈവിംഗ് സ്കൂളുകളുടെ പ്രശ്നങ്ങൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഡ്രൈവിംഗ് സ്കൂളുകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ആൾ കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആന്റ് വർക്കേഴ്സ് അസോസിയേഷൻ ഗവണ്മെന്റിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ലൈസൻസ് അപേക്ഷകൾ തപാലിൽ സ്വീകരിക്കുന്ന സമ്പ്രദായം ഉപേക്ഷിക്കുന്നതിനുമുമ്പുണ്ടായിരുന്നതുപോലെ എല്ലാ സബ് ആർ.ടി. ഓഫീസുകളിലും ലൈസൻസ് ടെസ്റ്റുകൾ ആരംഭിക്കുവാനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡ്രൈവിംഗ് ലൈസൻസിനുള്ള ടെസ്റ്റ് എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിൽ നടത്താൻ സംവിധാനം ഉണ്ടാക്കണമെന്നും അതിനുള്ള അപേക്ഷകൾ അതാത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ സ്വീകരിക്കണമെന്ന പ്രശ്നത്തിന് 1.8.99 മുതൽ എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ടെസ്റ്റു നടത്തുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡ്രൈവിംഗ് സ്കൂൾ മുഖാന്തിരം ടെസ്റ്റിന് ഹാജരായി പാസ്സാകുന്നവർക്ക് ഡ്രൈവിംഗ് സ്കൂൾ മുഖാന്തിരം തന്നെ ലൈസൻസു നൽകണമെന്ന് മോട്ടോർ വാഹന ചട്ടങ്ങളിലോ നിയമത്തിലോ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ഈ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരായി തോൽക്കുന്ന വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly